**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1697** **08-12-2022 - ൽ മറുപടിയ്ക്ക്**

**കായിക വകുപ്പ് അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മാവേലിക്കര മണ്ഡലത്തിൽ കായിക വകുപ്പ് അനുവദിച്ചതും നടപ്പിലാക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ? | (എ) | **1.താമരക്കുളം പഞ്ചായത്ത് ഗ്രൗണ്ട്, ആലപ്പുഴ**<br><br>**2019 - 20 ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന ആലപ്പുഴ മണ്ഡലത്തിലെ താമരക്കുളം പഞ്ചായത്ത് ഗ്രൗണ്ടിന്റെ പ്രവൃത്തിക്ക് 5 കോടി രൂപയുടെ ഭരണാനുമതിയും 4.77 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. തുടർന്ന് ടെൻഡർ നപടികൾ സ്വീകരിക്കുകയും ബി & ഐ കൺസ്ട്രക്ഷൻ ടി പ്രവൃത്തിയ്ക്ക് കരാറിൽ ഏർപ്പെടുകയും ചെയ്തു. 10 മാസമാണ് പൂർത്തീകരണ കാലാവധി.**<br><br>**90M X 55Mവിസ്തീർണ്ണമുള്ള നാച്ചറൽ ടർഫ്, സ്റ്റെപ്പ് ഗ്യാലറി, ഓഫീസ്, ജിം, ഗ്രൗണ്ട് ഡെവലപ്മെന്റ്, സമ്പ് ടാങ്ക്, അനുബന്ധ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്.**<br><br>**ചുറ്റുമതിലിന്റെയും സൈഡ് ഡ്രെയിന്റെ പ്രവൃത്തിയും പൂർത്തീകരിച്ചു. സ്റ്റെപ്പ് ഗ്യാലറി, ഓഫീസ്/ജിം എന്നിവയുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. നാച്ചറൽ ടർഫിന്റെ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്.**<br><br>**2. സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെൻറർ, ആലപ്പുഴ**<br><br>**ആലപ്പുഴ ജില്ലയിലെ തെക്കേക്കര ഗ്രാമപഞ്ചായത്ത്, മാവേലിക്കര, സ്പോർട്സ് ഫിറ്റ്നസ് സെന്റർ ഇന്റീരിയർ പ്രവൃത്തികൾക്കായി മാവേലിക്കര ഫിറ്റ്നസ് സെന്റർ ഉൾപ്പടെ 5 ഫിറ്റനസ് സെന്ററുകൾക്കായി 2,80,21,700/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നല്കുകയും ടെൻഡർ നടപടി സ്വീകരിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.എൻ വിജയൻ കരാറിൽ ഏർപ്പെടുകയും ചെയ്തു. സിവിൽ & ഇലക്ട്രിക് പ്രവൃത്തികൾക്ക് 4** |

മാസമായിരുന്നു പൂർത്തീകരണ കാലാവധി. നിലവിൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത സെന്ററിലേയ്ക്കാവശ്യമായ ഫിറ്റ്നസ് ഉപകരണങ്ങൾക്കായി 65,06,000/- രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. <u>തഴക്കര ഗ്രാമ പഞ്ചായത്ത് 7 & 8 വാർഡുകളിലായി സ്ഥിതി ചെയ്യുന്ന പഴഞ്ചിറ കുളം നീന്തൽ പരിശീലന കേന്ദ്രം</u>

2022 - 2023 ലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II - വാല്യം II - ഭരണാനുമതി ഇല്ലാത്ത മരാമത്തു പണികൾ-ക്രമ നമ്പർ 90 ആയി വ്യവസായ വകുപ്പിന് കീഴിൽ ഉൾപ്പെടുത്തിയിരുന്ന അപ്പാരൽ പാർക്ക്, മാവേലിക്കര എന്ന പദ്ധതിക്ക് പകരമായി 10 കോടി രൂപ അടങ്കൽ തുകയിലും 20% ബഡ്ജറ്റ് വിഹിതത്തിലുമായി 5 പദ്ധതികൾ പുതുതായി ഉൾപ്പെടുത്തി ഭേദഗതി ചെയ്തു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ തഴക്കര ഗ്രാമപഞ്ചായത്ത് 7 & 8 വാർഡുകളിലായി സ്ഥിതി ചെയ്യുന്ന പഴഞ്ചിറകുളം നീന്തൽ പരിശീലന കേന്ദ്രം എന്ന പ്രവൃത്തിയ്ക്ക് 1 കോടി രൂപ അടങ്കൽ തുകയും 20 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നിർവ്വഹണത്തിനായി കായിക വകുപ്പിനെ ചുമതലപ്പെടുത്തിയും ബഡ്ജറ്റ് വിഹിതം വകുപ്പിന് കൈമാറിക്കൊണ്ടും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ ഭാഗമായി കുളത്തിലെ വെള്ളത്തിന്റെ ക്വാളിറ്റി ടെസ്റ്റ് ചെയ്യുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ ലാബിൽ ടെസ്റ്റ് ചെയ്യുകയും റിസൾട്ട് പരിശോധിച്ചു വരികയുമാണ്. ഡീറ്റെയ്ൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

4. <u>തഴക്കര ഗ്രാമ പഞ്ചായത്ത് ഇറവൻകര സ്റ്റേഡിയം - ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി</u>

ആലപ്പുഴ ജില്ലയിലെ മാവേലിക്കര നിയോജക മണ്ഡലത്തിലെ തഴക്കര ഗ്രാമ പഞ്ചായത്ത് ഇറവൻകര സ്റ്റേഡിയം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കളിക്കളം നിർമ്മാണത്തിനായി പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള എം.എൽ.എ. ഫണ്ട് വകയിരുത്തുന്നതായി കാണിച്ചുകൊണ്ടുള്ള കത്ത് എം. എൽ. എ. യിൽ നിന്നോ ബന്ധപ്പെട്ട ജില്ലാ കളക്ടറിൽ

| | | | |
|---|---|---|---|
| | | | **നിന്നോ ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ